Phone : 0487 2370339
E mail : crsmadakkathara@kau.in

# കേരള കാർഷിക സർവ്വകലാശാല

## കശുമാവ് ഗവേഷണ കേന്ദ്രം,മാടക്കത്തറ

സി.ആർ.എം – 1118/2015 തിയ്യതി – 04/12/2018

## കശുമാവ് വിളവെടുപ്പിനുള്ള ലേലം

ഈ കേന്ദ്രത്തിലെ പള്ളിക്കുന്ന് ബ്ളോക്കിലെ ഉദ്ദേശം 5.2 ഹെക്ട്ടർ സ്ഥലത്തെ കശുമാവിൻ തോട്ടത്തിൽ നിന്നും കശുവണ്ടി വിളവെടുക്കുന്നതിനുള്ള അവകാശം ക്വട്ടേഷൻ/ലേലം വഴി നൽകുന്നതാണ്.ക്വട്ടേഷനുകൾ 13/12/2018 രാവിലെ 10 മണി മുതൽ 14/12/2018 രാവിലെ 11.30 മണി വരെ നിരതദ്രവ്യത്തോടൊപ്പം സ്വീകരിക്കും.ലേല സമയം 14/12/2018 ഉച്ചക്ക് 12 മണി. വിശദവിവരങ്ങൾ പ്രവർത്തി സമയത്ത് ഈ കേന്ദ്രത്തിൽ നിന്ന് ലഭിക്കും. (ഫോൺ 0487–2370339).

ഒപ്പ്
ഗവേഷണകേന്ദ്രം മാധാവി

**ഗവേഷണ കേന്ദ്രത്തിലെ പള്ളിക്കുന്ന് ബ്ളോക്കിലെ കശുമാവിൻ തോട്ടത്തിൽ നിന്നും ഈ വർഷത്തെ (2019 മെയ് 31 വരെ) കശുവണ്ടി വിളവെടുക്കുന്നതിനുള്ള ക്വട്ടേഷൻ/ലേലം**

വ്യവസ്ഥകൾ

- കശുമാവ് വിളവെടുപ്പിനുള്ള അവകാശം നൽകുന്നതിന് ക്വട്ടേഷനും ലേലവും ഉണ്ടായിരിക്കും.
- 13/12/2018 രാവിലെ 10 മണി മുതൽ 14/12/2018 രാവിലെ 11.30 മണി വരെ ക്വട്ടേഷനുകൾ സ്വീകരിക്കുന്നതാണ്.
- പള്ളിക്കുന്ന് ബ്ളോക്കിൽ പെടുന്ന മരങ്ങളുടെ വിവരം ഈ ഓഫീസുമായി ബന്ധപ്പെട്ട് ലേലക്കാർ കൃത്യമായി മനസ്സിലാക്കേണ്ടതാണ്.
- ലേല സമയം 14/12/2018 ഉച്ചക്ക് 12.00 മണി

| ക്രമ നമ്പർ | ക്വട്ടേഷൻ/ലേലത്തിനുള്ള ബ്ളോക്ക് | ഏകദേശ വിസ്തൃതി(ഹെക്ടർ) | നിരതദ്രവ്യമായി കെട്ടിവെക്കേണ്ടതുക |
|---|---|---|---|
| 1 | കെ.എ.ഡി.പി.ബ്ലോക്ക് ഭാഗം 1(പള്ളിക്കുന്ന്) | 5.25 | 10,000/– |
| | ആകെ | 5.25 | 10,000/– |

1. നിരതദ്രവ്യം കെട്ടിവെച്ചവരെ മാത്രമേ ലേലത്തിലും ക്വട്ടേഷനുകളിലും പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളൂ
2. സർക്കാർ നിയമപ്രകാരം ലേല തുകയുടെ 5%(ലേല തുകയുടെ പുറമെ) ചരക്ക് സേവന നികുതിയും ഈടാക്കുന്നതായിരിക്കും.
3. ക്വട്ടേഷൻ/ലേലം ഉറപ്പിച്ച് കിട്ടുന്നവർ ലേല ദിവസം തന്നെ വൈകീട്ട് 3.00 മണിക്കുള്ളിൽ ചരക്ക് സേവനനികുതി ഉൾപ്പെടെയുള്ള ലേലതുകയുടെ 1/5 തുക ഓഫീസിൽ അടച്ച് രസീത് വാങ്ങേണ്ടതാണ്. വീഴ്ച വരുത്തുന്ന പക്ഷം അയാളുടെ പേരിലുള്ള ലേലം റദ്ദു ചെയ്യുന്നതും നിരതദ്രവ്യം കാർഷിക സർവ്വകലാശാലയുടെ അക്കൗണ്ടിലേക്ക് കണ്ടു കെട്ടുന്നതുമായിരിക്കും.
4. ലേലം കൊണ്ടയാൾ ലേലതുകയുടെ 5% (മിനിമം പതിനായിരം രൂപ )സെക്യൂരിറ്റി തുകയായി 21/12/2018 നകം അടക്കേണ്ടതാണ്. ലേലം കൊണ്ടയാൾ 21/12/2018 ഉച്ചക്ക് 12 മണിക്കു മുമ്പ് തന്നെ 150 രൂപയുടെ മുദ്രപത്രത്തിൽ സർവ്വകലാശാലക്ക് ഒരു നഷ്ടോത്തരവാദിത്ത കരാർ എഴുതി സമർപ്പിക്കേണ്ടതാണ്.
5. മുഴുവൻ ലേല തുകയും, സെക്യൂരിറ്റി തുകയും അടയ്ക്കുകയും നഷ്ടോത്തരവാദിത്ത കരാർ സമർപ്പിക്കുകയും ചെയ്താൽ മാത്രമേ വിളവെടുക്കൽ ആരംഭിക്കാൻ അനുവദിക്കുകയുള്ളൂ.
6. ലേലം കൊണ്ടവർ 21/12/2018 ഉച്ചക്ക് 12 മണിക്ക് മുൻപായി നികുതി ഉൾപ്പെടെയുള്ള മുഴുവൻ ലേല തുകയും ഓഫീസിൽ അടച്ച് രസീത് വാങ്ങേണ്ടതാണ്.

7. ഏറ്റവും കൂടിയ തുകക്ക് ലേലം കൊണ്ടയാളുടെ,തൊട്ടടുത്ത് വരുന്ന ആളുടെ നിരതദ്രവ്യം ലേലം കൊണ്ടയാൾ 1/5 ലേല തുക അടച്ച ശേഷം മാത്രമേ തിരികെ നൽകുകയുള്ളൂ.
8. കശുവണ്ടി വിളവെടുക്കുന്ന സമയത്തോ തുടർന്നോ ലേലക്കാരൻ സർവ്വകലാശാലക്ക് എന്തെങ്കിലും നാശനഷ്ടം വരുത്തിയാൽ അത് ലേലക്കാരനിൽ നിന്നും ഈടാക്കുന്നതാണ്.
9. വിളവെടുപ്പിനുള്ള അവകാശം 31/05/2019 വരെ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.
10. രാവിലെ 7.30 മുതൽ വൈകുന്നേരം 5 മണി വരെ മാത്രമേ വിളവെടുക്കുവാനും ഉൽപ്പന്നങ്ങൾ പുറത്തുകൊണ്ടുപോകുവാനും പാടുള്ളൂ. ഉൽപ്പന്നങ്ങൾ പുറത്തുകൊണ്ടുപോകേണ്ടത് അംഗീകൃത വഴികളിലൂടെ ,ഗേറ്റ് പാസ് ഹാജരാക്കി ആയിരിക്കണം. ഫാമിൽ നിലവിലുള്ള നിയമങ്ങൾ പാലിച്ചുവേണം വിളവെടുപ്പിനോടനുബന്ധിച്ചുള്ള എല്ലാ പ്രവർത്തികളും ചെയ്യേണ്ടത്.
11. ലേലക്കാരനും വിളവെടുപ്പിന് നിയോഗിക്കുന്ന എല്ലാ തൊഴിലാളികലും ഫാമിൽ നിന്നു നൽകുന്ന പാസുകൾ കൈവശം വച്ചിരിക്കേണ്ടതും, അധികാരപ്പെട്ടവർ പരിശോധനക്ക് ആവശ്യപ്പെടുമ്പോൾ കാണിക്കേണ്ടതുമാണ്. വിളവെടുപ്പിന് നിയോഗിക്കുന്ന തൊഴിലാളികളുടെ എണ്ണം ഗവേഷണകേന്ദ്രം മേധവിയുടെ നിർദേശമനുസരിച്ച് ക്രമീകരിക്കേണ്ടതാണ്.
12. സ്വയം ലേലത്തിൽ പിടിക്കാത്ത ബ്ളോക്കുകളിൽ നിന്നും, ലേലക്കാരനോ അയാളുടെ തൊഴിലാളിയോ കശുവണ്ടി ശേഖരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അയാളുടെ ലേലം റദ്ദുചെയ്യുന്നതും, സെക്യൂരിറ്റി തുക കണ്ടുകെട്ടുന്നതും ഉൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുന്നതാണ്.
13. തോട്ടത്തിൽ നിന്നും സംഭരിക്കുന്ന കശുവണ്ടിയുടെ തൂക്കം അവ നീക്കം ചെയ്യുന്നതിന് മുൻപ് ഫാം ഓഫീസിൽ അറിയിക്കേണ്ടതാണ്.
14. ദിനം പ്രതി ശേഖരിക്കുന്നതും വിൽപ്പന നടത്തുന്നതുമായ കശുവണ്ടിയുടെ കണക്ക് കരാറുകാരൻ സൂക്ഷിക്കേണ്ടതും അതാതു മാസത്തെ കണക്ക് അടുത്ത മാസം 10 –ാം തിയ്യതിക്കകം ഫാം ഓഫീസിൽ അറിയിക്കേണ്ടതുമാണ്.
15. ലേല നിബ്ധനകളിൽ എന്തെങ്കിലും വീഴ്ച്ച വരുത്തിയാൽ, ലേലം റദ്ദു ചെയ്യുന്നതിനോ നഷ്ടപരിഹാരം ഈടാക്കുന്നതിനോ മറ്റു യൂക്തമായ നടപടികൾ എടുക്കുന്നതിനോ ഗവേഷണകേന്ദ്രം മേധാവിക്ക് അധികാരം ഉണ്ടായിരിക്കും.
16. ഈ ലേലം ഉറപ്പിക്കുന്നതിനുള്ള അന്തിമ തീരുമാനം എടുക്കുവാനുള്ള അധികാരം അസോസിയേറ്റീവ് ഡയറക്ടർ ഓഫ് റിസർച്ച്,പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പട്ടാമ്പിയിൽ നിക്ഷിപ്തമാണ്.
17. സർക്കാർ ക്വട്ടേഷൻ/ലേലം നിബന്ധനകൾ എല്ലാം തന്നെ ഈ കരാറിന് ബാധകമായിരിക്കും.
18. യാതൊരു കാരണവും കാണിക്കാതെ ഈ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതിനോ/റദ്ദാക്കുന്നതിനോ ഉള്ള അധികാരം ഗവേഷണകേന്ദ്രം മേധാവി, കശുമാവ് ഗവേഷണകേന്ദ്രം,മാടക്കത്തറക്ക് ഉണ്ടായിരിക്കും.

ഒപ്പ്
ഗവേഷണകേന്ദ്രം മേധാവി

പകർപ്പ്

1. നോട്ടീസ് ബോർഡ്,
2. മാടക്കത്തറ പഞ്ചായത്ത് ഓഫീസ്,
3. കൃഷി ഭവൻ, മാടക്കത്തറ,
4. വില്ലേജ് ഓഫീസ്,
5. എസ്റ്റേറ്റ് ഓഫീസ്,
6. ഹോർച്ചിക്കൾച്ചർ കോളേജ്, വെള്ളാനിക്കര,
7. കാർഷിക ഗവേഷണകേന്ദ്രം,മണ്ണുത്തി,
8. പട്ടാമ്പി കാർഷിക ഗവേഷണകേന്ദ്രം,
9. കെ.എ.യു.വെബ്സൈറ്റ്